LIBRARY ARCHIVES Kerala Legislative Assembly

വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണം

15 (1747) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് 3% സംവരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

ജീവകാരുണ്യ പ്രവർത്തനത്തിനിടയിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബങ്ങളുടെ സംരക്ഷണം

16 (1748) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ് 26-ാം തീയതി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കൊയ്യാമരക്കാട് എന്ന സ്ഥലത്ത് വച്ച് അപകടത്തിൽപ്പെട്ട ബൈക്ക് യാത്രക്കാരനെ രക്ഷിക്കുന്നതിനിടയിൽ കോട്ടക്കൽ ആര്യവൈദ്യശാലയിലെ 3 ജീവനക്കാർ ലോറി ഇടിച്ച് മരണപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെട്ട ബൈക്ക് യാത്രക്കാരനടക്കം തൽക്ഷണം മരിച്ച 4 പേരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) രക്ഷാപ്രവർത്തനത്തിനിടയിൽ മരണപ്പെട്ട 3 ചെറുപ്പക്കാരുടെ ഭാര്യമാർക്ക് സർക്കാർ ജോലി കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;ജോലി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജീവകാരുണ്യ പ്രവർത്തനത്തിനിടയിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നവർക്കുകൂടി അത്തരം ആനുകൂല്യം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ധനസഹായം നൽകുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

ദിവസക്കൂലി, കരാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

17 (1749) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ വിവിധ വകുപ്പുകളിലായി എത്ര പേരെ ദിവസക്കൂലി, കരാർ വ്യവസ്ഥകളിൽ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്ര നിയമനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ആയിരുന്നു; ഇതിൽ എത്ര പേരെ സ്ഥിരപ്പെടുത്തി; സർക്കാർ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പുമേധാവിയുടെ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇതിൽ എത്ര പേരെ ശമ്പള സ്കെയിൽ ഉള്ള തസ്തികകളിൽ നിയമിച്ചിട്ടുണ്ട്; എത്ര പേരെ കരാർ, ദിവസക്കൂലി വ്യവസ്ഥയിലും നിയമിച്ചു; ഇതിൽ എത്ര പേരെ സ്ഥിരപ്പെടുത്തി; സർക്കാർ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പു മേധാവിയുടെ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുവിതരണ വകുപ്പിൽ ബഹു. മുഖ്യമന്ത്രിയുടെ കോൾ സെന്ററിൽ കരാറടിസ്ഥാനത്തിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ 2011 മുതൽ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. 2011-ൽ ലോവർഡിവിഷൻ ക്ലാർക്കിന്റെ 7 തസ്തികകളും ഓഫീസ് അറ്റൻഡന്റിന്റെ 4 തസ്തികകളും സൃഷ്ടിച്ചിരുന്നു. ഈ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കി നൽകിവരുന്നു. നിലവിൽ മുഖ്യമന്ത്രിയുടെ കോൾ സെന്ററിൽ ലോവർ ഡിവിഷൻ ക്ലർക്കിന്റെ 6 തസ്തികകളിലും ഓഫീസ് അറ്റൻഡന്റിന്റെ 3 തസ്തികകളിലും ജീവനക്കാർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. സെക്രട്ടേറിയറ്റിലെ പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പിന്റെ കീഴിൽ